**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 336** **06-08-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂസ്വത്തുക്കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്തെ ദേവസ്വങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂസ്വത്തുക്കൾ അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഗുരുവായൂർ ദേവസ്വം ഒഴികെയുള്ള മറ്റ് ദേവസ്വങ്ങളുടെ ഭൂമി പൂർണ്ണമായും അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ ദേവസ്വങ്ങളുടെ ഭൂസ്വത്തുക്കൾ ആരെങ്കിലും അനധികൃതമായി കൈവശം വെച്ചിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പട്ടണങ്ങളിൽ സ്ഥിതി ചെയ്യുന്ന സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ദേവസ്വം ബോർഡുകളുടെ ഭൂമിയിൽ കെട്ടിട സമുച്ചയവും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## മലബാർ ദേവസ്വം ബോർഡ്

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ചുവടെ ചേർക്കുന്ന ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകി വരുമാനം ആർജ്ജിച്ച് വരുന്നുണ്ട്

1. പടിഞ്ഞാറേമഠം ദേവസ്വം, പട്ടാമ്പി
2. ശ്രീ തൃത്തല്ലൂർ ദേവസ്വം, ചാവക്കാട്
3. ഓങ്ങല്ലൂർ തളിയിൽ ഗണപതി ക്ഷേത്രം, പട്ടാമ്പി
4. ശ്രീ തൊഴുവാനൂർ ഭഗവതി ക്ഷേത്രം, വളാഞ്ചേരി
5. സീതാദേവി ലവകുശ ക്ഷേത്രം, പുൽപ്പള്ളി
6. കണ്ണഞ്ചേരി മഹാഗണപതി ക്ഷേത്രം, കോഴിക്കോട്
7. പയ്യാവൂർ ശിവക്ഷേത്രം, തളിപ്പറമ്പ്

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ചുവടെ ചേർക്കുന്ന ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

1. ശ്രീ പിള്ളയാർ കോവിൽ ക്ഷേത്രം, കണ്ണൂർ
2. കണ്ണാടിപറമ്പ് ശ്രീധർമ്മശാസ്ത ക്ഷേത്രം, കണ്ണൂർ
3. തിരുവങ്ങാട് ശ്രീരാമസ്വാമി ക്ഷേത്രം, തലശ്ശേരി
4. വള്ളിയൂർക്കാവ് ദേവസ്വം, മാനന്തവാടി

## കൂടൽമാണിക്യം ദേവസ്വം

കൂടൽമാണിക്യം ദേവസ്വത്തിന്റെ ഭൂമിയിൽ മൂന്ന് നിലകളുള്ള **സംഗമേശ്വര കോംപ്ലക്സ്** നിർമ്മിച്ച് വാടകയ്ക്ക് നൽകിയിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിന്റെ കീഴിലുള്ള മറ്റ് ഒഴിഞ്ഞുകിടക്കുന്ന ഭൂമികളിലും ഇത്തരത്തിൽ

വാണിജ്യ ഉദ്ദേശ്യത്തോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ഗുരുവായൂർ ദേവസ്വം**

ഗുരുവായൂർ ദേവസ്വത്തിന്റെ കിഴക്ക് ഭാഗത്തായി പുതുതായി ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കൊച്ചിൻ ദേവസ്വം ബോർഡ്**

കൊച്ചിൻ ദേവസ്വം ബോർഡിന് ഉടമസ്ഥതയിലുള്ള അനുയോജ്യമായ സ്ഥലങ്ങളിൽ കെട്ടിട സമുച്ചയവും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**തിരുവിതാംകൂർ ദേവസ്വം ബോർഡ്**

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ഭൂമിയിൽ കെട്ടിട സമുച്ചയം നിർമ്മിച്ച് ഫലപ്രദമായി വിനിയോഗിക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡും അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**